2026
MAY
13
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# മൾട്ടി–ലെയ്ൻ ഫ്രീ ഫ്ളോ; ഇന്ത്യ ലോകോത്തര നിലവാരത്തിലേക്ക്: നിധിൻ ഗഡ്കരി

**ന്യൂഡൽഹി:** മൾട്ടി–ലെയ്ൻ ഫ്രീ ഫ്ളോ (എം.എൽ.എഫ്.എഫ്) ടോളിംഗ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ ഇന്ത്യ ലോകോത്തര നിലവാരമുള്ള ദേശീയപാത അടിസ്ഥാന സൗകര്യങ്ങളിലേക്ക് അതിവേഗം നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ഇത് തടസ്സമില്ലാത്ത യാത്ര ഉറപ്പാക്കുകയും മലിനീകരണം കുറയ്ക്കുകയും ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കുകയും രാജ്യത്തുടനീളമുള്ള പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യും.

ദേശീയ തലസ്ഥാന മേഖലയിലെ (എൻ.സി.ആർ) അർബൻ എക്സ്റ്റൻഷൻ റോഡിൽ (UERII) മുണ്ഡ്ക ബക്കർവാല ഭാഗത്ത് ഇന്ത്യയിലെ ആദ്യത്തെ തടസ്സരഹിത ടോൾ പ്ലാസ നിതിൻ ഗഡ്കരി ഉദ്ഘാടനം ചെയ്തു. കേന്ദ്ര സഹമന്ത്രിമാരായ അജയ് ടാംത, ഹർഷ് മൽഹോത്ര, എം.പിമാരായ കമൽജീത് ഷെരാവത്ത്, യോഗേന്ദർ ചന്ദോലിയ, NHAI ചെയർമാൻ സന്തോഷ് കുമാർ യാദവ്, കൂടാതെ റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം, NHAI, ഇന്ത്യൻ ഹൈവേ മാനേജ്മെന്റ് കമ്പനി ലിമിറ്റഡ് എന്നിവയിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. വാഹനങ്ങൾ നിർത്താതെ തന്നെ ടോൾ പോയിന്റുകളിലൂടെ തടസ്സമില്ലാത്ത സഞ്ചാരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് എം.എൽ.എഫ്.എഫ് സംവിധാനം വഴി തടസ്സമില്ലാത്തതും സമ്പർക്കരഹിതവുമായ ടോളിംഗ് രീതി അവതരിപ്പിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് എം.എൽ.എഫ്.എഫ് സംവിധാനം വികസിപ്പിച്ചിരിക്കുന്നതെന്നും, ഇതിനായി സാങ്കേതികവിദ്യ ദാതാക്കളുമായും സ്വകാര്യ പങ്കാളികളുമായും വിപുലമായ കൂടിയാലോചനകൾ ആവശ്യമായിരുന്നുവെന്നും ഗഡ്കരി പറഞ്ഞു. ഈ പദ്ധതിയുടെ സാമ്പത്തിക നേട്ടങ്ങളെക്കുറിച്ച് ഊന്നിപ്പറഞ്ഞ ഗഡ്കരി, മുമ്പ് ടോൾ പിരിവ് പ്രവർത്തനങ്ങൾക്കായി ഏകദേശം 15 ശതമാനത്തോളം തുക ചെലവാകുന്നുണ്ടായിരുന്നുവെന്നും എന്നാൽ എം.എൽ.എഫ്.എഫ് സംവിധാനം വരുന്നതോടെ ഇത് 3 മുതൽ 4 ശതമാനം വരെയായി കുറയുമെന്ന് പ്രതീക്ഷിക്കുന്നതായും പറഞ്ഞു. പ്രവർത്തനച്ചെലവിലുണ്ടാകുന്ന ഈ കുറവ് പ്രതിവർഷം ഏകദേശം 5,000 മുതൽ 6,000 കോടി രൂപയുടെ വരെ ലാഭമുണ്ടാക്കാൻ സഹായിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എം.എൽ.എഫ്.എഫ് സംവിധാനത്തിലൂടെ പ്രതിവർഷം ഏകദേശം 250 കോടി ലിറ്റർ ഇന്ധനം ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, കാർബൺ ഉദ്വമനത്തിൽ ഏകദേശം 81,000 ടണ്ണിന്റെ കുറവുണ്ടാക്കാൻ ഇത് സഹായിക്കും. മലിനീകരണം കുറയ്ക്കുന്നതിനും, പ്രത്യേകിച്ച് ഡൽഹി–എൻ.സി.ആർ മേഖലയിലെ വായു ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഇത് ഗണ്യമായ സംഭാവന നല്കുമെന്നും മന്ത്രി അറിയിച്ചു.



നൂതന അടിസ്ഥാന സൗകര്യ വികസന രീതികളിലൂടെ "മാലിന്യത്തിൽ നിന്ന് സമ്പത്തിലേക്ക് ' എന്ന ആശയത്തിന് ഗവണ്മെന്റ് നല്കുന്ന മുൻഗണനയെക്കുറിച്ചും ഗഡ്കരി എടുത്തുപറഞ്ഞു. ഡൽഹിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന നഗരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുകയും അവ ദ്വാരക എക്സ്പ്രസ് വേ, ഡൽഹി–മുംബൈ എക്സ്പ്രസ് വേ തുടങ്ങിയ ദേശീയപാത നിർമ്മാണ പദ്ധതികൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

റോഡ് സുരക്ഷയെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ച മന്ത്രി, രാജ്യത്ത് ഓരോ വർഷവും ധാരാളം റോഡപകടങ്ങൾ നടക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ പൊതുജന അവബോധവും ഉത്തരവാദിത്തമുള്ള ഡ്രൈവിംഗ് രീതികളും അത്യാവശ്യമാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. എം.എൽ.എഫ്.എഫ് സംവിധാനത്തിന്റെ ഭാഗമായി നിർമ്മിതബുദ്ധി (എ.ഐ) അധിഷ്ഠിത സാങ്കേതികവിദ്യകൾ കൂടി ഉൾപ്പെടുത്തിയത് നിരീക്ഷണവും ഗതാഗത നിയന്ത്രണവും കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൊതുജനങ്ങളുടെ സൗകര്യം, പരിസ്ഥിതി സംരക്ഷണം, രാഷ്ട്രവികസനം എന്നിവ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഇത്തരം പരിഷ്കാരങ്ങളെ പിന്തുണയ്ക്കാനും അവയുടെ ഗുണഫലങ്ങളെക്കുറിച്ച് അവബോധം വളർത്താനും മാധ്യമങ്ങളോടും പൗരന്മാരോടും മന്ത്രി അഭ്യർത്ഥിച്ചു. പ്രസംഗത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര സഹമന്ത്രി അജയ് ടാംത, ഹർഷ് മൽഹോത്ര, മറ്റ് ജനപ്രതിനിധികൾ, NHAI ഉദ്യോഗസ്ഥർ, ഈ പദ്ധതിയുമായി സഹകരിച്ച മറ്റ് പങ്കാളികൾ എന്നിവർക്ക് നിതിൻ ഗഡ്കരി നന്ദി രേഖപ്പെടുത്തി.

മാനുഷിക ഇടപെടൽ കുറച്ചുകൊണ്ട് യാന്ത്രികമായി ടോൾ ശേഖരിക്കുന്നതിനായി, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സാങ്കേതികവിദ്യയെ ഫാസ്ടാഗ് അധിഷ്ഠിത ഇലക്ട്രോണിക് ടോൾ ശേഖരണവുമായി ഈ സംവിധാനം സംയോജിപ്പിക്കുന്നു. എം.എൽ.എഫ്.എഫ് നടപ്പിലാക്കുന്നത് ഡിജിറ്റൽ ദേശീയപാത അടിസ്ഥാന സൗകര്യ വികസനത്തിലെ ഒരു വലിയ മുന്നേറ്റമാണിത്. കൂടാതെ ദേശീയപാത ഉപയോക്താക്കളുടെ യാത്രാ കാര്യക്ഷമത ഇത് ഗണ്യമായി മെച്ചപ്പെടുത്തുകയും ചെയ്യും.

സുഗമമായ യാത്രാനുഭവം ഉറപ്പാക്കുന്നതിന് ദേശീയപാത ഉപയോക്താക്കൾ അവരുടെ ഫാസ്ടാഗ് അക്കൗണ്ടുകളിൽ മതിയായ ബാലൻസ് നിലനിർത്തേതുണ്ട്. അക്കൗണ്ടിൽ പണമില്ലാതിരിക്കുകയോ, ഫാസ്ടാഗ് അസാധുവാകുകയോ അല്ലെങ്കിൽ പ്രവർത്തിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ ടോൾ തുക അടയ്ക്കാത്തതിന് ഉപയോക്താക്കൾക്ക് ഒരു ഇലക്ട്രോണിക് നോട്ടീസ് (ഇ–നോട്ടീസ്) ലഭിക്കും. അത്തരം ഉപയോക്താക്കൾ ഇ–നോട്ടീസ് ലഭിച്ച് 72 മണിക്കൂറിനുള്ളിൽ സാധാരണ നിരക്കിലുള്ള ടോൾ തുക അടയ്ക്കേണ്ടതുണ്ട്. 72 മണിക്കൂറിന് ശേഷവും തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, വാഹന വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള സാധാരണ നിരക്കിന്റെ ഇരട്ടി തുക ഫീസായി ഈടാക്കും. ഉപയോക്താക്കൾക്ക് https://nhfeenotice.parivahan.gov.in/#/ എന്ന പോർട്ടൽ വഴി ഇ–നോട്ടീസ് പരിശോധിക്കാനും തുക അടയ്ക്കാനും സാധിക്കും. ഇ–നോട്ടീസ് ലഭിച്ച് 72 മണിക്കൂറിനുള്ളിൽ ഉപയോക്താക്കൾക്ക് പരാതികൾ സമർപ്പിക്കാനും അവസരമുണ്ട്. ഇ–നോട്ടീസ് തുക അടയ്ക്കാതിരിക്കുന്നത് ഫാസ്ടാഗ് ബ്ലാക്ക്ലിസ്റ്റ് ചെയ്യുന്നതിനും വാഹൻ പ്ലാറ്റ്ഫോം വഴിയുള്ള വാഹനവുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങൾ തടയുന്നതിനും കാരണമായേക്കാം.

ഈ മാസം ആദ്യം, ഗുജറാത്തിലെ NH48ൽ സൂറത്ത്–ഭറൂച്ച് സെക്ഷനിലുള്ള ചോരയാസി ടോൾ പ്ലാസയിൽ NHAI എം.എൽ.എഫ്.എഫ് അധിഷ്ഠിത ടോൾ സംവിധാനം വിജയകരമായി ആരംഭിച്ചു. സുതാര്യത വർദ്ധിപ്പിക്കുന്നതിലൂടെയും ടോൾ പ്ലാസകളുമായി ബന്ധപ്പെട്ട പ്രവർത്തനച്ചെലവ് കുറയ്ക്കുന്നതിലൂടെയും ടോൾ പിരിവിലെ മൊത്തത്തിലുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലൂടെയും ഈ സംവിധാനം നിലവിലെ ടോളിംഗ് ആവാസവ്യവസ്ഥയെ കൂടുതൽ ശക്തമാക്കും.

# ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം; ശക്തമായ മഴയ്ക്ക് സാധ്യത

**തിരുവനന്തപുരം:** ഈ ആഴ്ച അവസാനത്തോടെ തെക്കൻ ബംഗാൾ ഉൾക്കടലിന്റെ ചില ഭാഗങ്ങൾ, ആൻഡമാൻ കടൽ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷം എത്താൻ സാധ്യതയുള്ളതായി കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു. തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം നിലനിൽക്കുന്നതിനാൽ അടുത്ത 48 മണിക്കൂറിനുള്ളിൽ ന്യൂനമർദം കൂടുതൽ ശക്തിപ്പെടാൻ സാധ്യതയെന്നു കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കൻ കർണാടകയ്ക്ക് മുകളിലായി സമുദ്രനിരപ്പിൽ നിന്ന് 5.8 കിലോമീറ്റർ ഉയരത്തിൽ മറ്റൊരു ചക്രവാതച്ചുഴി നിലനിൽക്കുന്നു. 2026 മേയ് 14 മുതൽ 16 വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായും അടുത്ത 5 ദിവസങ്ങളിൽ കേരളത്തിലും മാഹിയിലും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.






# മൈ ഭാരത് വളണ്ടിയർ പരിശീലനം

**കൊച്ചി:** ഒരാഴ്ച്ച നീണ്ടുനിൽക്കുന്ന യുവ ആപ്ദ മിത്ര സ്കീം (വൈ എ എം എസ്) മൈ ഭാരത് വളിയർ പരിശീലന പരിപാടിക്ക് ജില്ലയിൽ തുടക്കം കുറിച്ചു. ജില്ലാ കളക്ടറും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർ പേഴ്സണുമായ ജി പ്രിയങ്ക ഉദ്ഘാടനം ചെയ്തു. യുവ വളണ്ടിയർമാരെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും അടിയന്തര പ്രതികരണ പ്രവർത്തനങ്ങൾക്കും സജ്ജരാക്കുക എന്നതാണ് മെയ് 18 വരെ നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയുടെ ലക്ഷ്യം.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ഗാനമേള ശ്രുതിസാഗരം – വൈകിട്ട് 6.30ന്.
■ **കണ്ണൻനായർ സ്മാരകത്തിൽ :** കുമാരനാശാനെക്കുറിച്ച് പ്രൊഫ. പ്രഭാകരന്റെ പ്രഭാഷണം വൈകിട്ട് 6ന്.

## പെരുമ്പാവൂർ

■ **മേപ്രത്തുപടി കാവളയ്ക്കൽ ദേവീക്ഷേത്രം :** പ്രതിഷ്ഠാദിന മഹോത്സവം രാവിലെ 6ന് നിർമ്മാല്യ ദർശനം, ഗണപതിഹോമം, കലശാഭിഷേകം, സർപ്പബലി.

## രാമമംഗലം

■ **സെന്റ് ജോക്കബസ്ക്നായ വലിയ പള്ളി :** പെരുന്നാൾ – രാവിലെ 7.30ന് പ്രഭാത പ്രാർത്ഥന, 8.30ന് വിശുദ്ധ കുർബാന, 10ന് വിളമ്പര ഘോഷയാത്ര, 5ന് പെരുന്നാൾ കൊടിയേറ്റ് , 6.30ന് സന്ധ്യ പ്രാർത്ഥന.

## വൈപ്പിൻ

■ **ഞാറക്കൽ വലിയവട്ടം കാവുങ്കൽ ശ്രീ മഹാവിഷ്ണു ക്ഷേത്രം :** പ്രതിഷ്ഠാ മഹോത്സവം -വൈകിട്ട് 6.30ന്.

## മുളന്തുരുത്തി

■ **എസ്എൻഡിപി യോഗം ഗുരുധർമഗ്രാം ശാഖ ശ്രീനാരായണ ഗുരുദേവ വിശ്വധർമ ക്ഷേത്രം :** പ്രതിഷ്ഠാ വാർഷിക മഹോത്സവം -രാവിലെ 10.30ന് പ്രതിഷ്ഠാദിന സമ്മേളനം, പ്രസാദഊട്ട്, നൃത്താവിഷ്കാരം, ഭജനാമൃതം നടക്കും.

## ഉദയംപേരൂർ

■ **മണകുന്നം വില്ലേജ് സഹകരണ ബാങ്ക് അങ്കണം :** മണകുന്നം വില്ലേജ് സഹകരണ ബാങ്ക് കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന സ്കൂൾ മാർക്കറ്റ് രാവിലെ 10 മുതൽ.

## കവളങ്ങാട്

■ **പോത്താനിക്കാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി :** ദൈവമാതാവിന്റെയും മോർ യൂഹാനോൻ ശ്ലീഹയുടെയും മോർ യൂഹാനോൻ ശ്ലീഹയുടെയും മോർ ഗീവർഗീസ് സഹദയുടെയും സംയുക്ത ഓർമപ്പെരുന്നാൾ – വൈകിട്ട് 5.45ന് സന്ധ്യാനമസ്കാരം, 50 വർഷം പൂർത്തിയാക്കിയ ദമ്പതികളെ ആദരിക്കൽ.

# ഗർഭാശയ ഗള ക്യാൻസർ: സൗജന്യ വാക്സിനേഷൻ മെയ് 31 വരെ

**കൊച്ചി:** സ്ത്രീകളെ ബാധിക്കുന്ന രണ്ടാമത്തെ പ്രധാന ക്യാൻസറായ ഗർഭാശയ ഗള ക്യാൻസറിനെതിരെയുള്ള (സെർവിക്കൽ ക്യാൻസർ) എച്ച്.പി.വി (ഹ്യൂമൻ പാപ്പിലോമ വൈറസ്) വാക്സിനേഷൻ ക്യാമ്പയിൻ ജില്ലയിൽ അവസാന ഘട്ടത്തിലേക്ക്. മെയ് 31-ഓടെ ഈ പ്രത്യേക ദൗത്യം അവസാനിക്കാനിരിക്കെ, അർഹരായ എല്ലാ പെൺകുട്ടികളും വാക്സിൻ സ്വീകരിച്ച് സുരക്ഷ ഉറപ്പാക്കണമെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു.

നിലവിൽ ജില്ലയിൽ ലക്ഷ്യമിട്ട കുട്ടികളിൽ 34 ശതമാനം (7,496 പേർ) മാത്രമാണ് വാക്സിൻ സ്വീകരിച്ചിട്ടുള്ളത്. മെയ് 31 കഴിഞ്ഞ് ഈ സൗകര്യം ലഭിക്കാത്തതിനാൽ രക്ഷിതാക്കൾ ഒട്ടും വൈകാതെ ഈ അവസരം പ്രയോജനപ്പെടുത്തണം.

14 വയസ്സ് പൂർത്തിയായവർ മുതൽ 15 വയസ്സും മൂന്ന് മാസവും വരെ പ്രായമുള്ള പെൺകുട്ടികൾക്കാണ് ഈ ഘട്ടത്തിൽ വാക്സിൻ നൽകുന്നത്. വാക്സിനെക്കുറിച്ചുള്ള അനാവശ്യമായ ആശങ്കകളും തെറ്റിദ്ധാരണകളുമാണ് പലരെയും പിന്നോട്ട് വലിക്കുന്നത്. എന്നാൽ സാധാരണ കുത്തിവെപ്പുകൾക്ക് ഉണ്ടാകാറുള്ള ചെറിയ വേദനയോ തടിപ്പോ അല്ലാതെ മറ്റ് പാർശ്വഫലങ്ങൾ ഇതിനില്ലെന്ന് ജില്ലാ കളക്ടർ വ്യക്തമാക്കി. ജില്ലയിൽ ഈ പ്രായപരിധിയിലുള്ള 22,358 പെൺകുട്ടികളെയാണ് ക്യാമ്പയിന്റെ ഭാഗമായി ലക്ഷ്യമിടുന്നത്. എന്നാൽ നിലവിൽ 7,496 കുട്ടികൾ (ഏകദേശം 34 ശതമാനം) മാത്രമെ വാക്സിൻ സ്വീകരിച്ചിട്ടുള്ളൂ.




### വാക്സിൻ തികച്ചും സൗജന്യം

സ്വകാര്യ ആശുപത്രികളിൽ 4000 മുതൽ 6500 രൂപ വരെ വലിയ തുക നൽകേണ്ടി വരുന്ന ഈ വാക്സിൻ, ക്യാമ്പയിൻ കാലയളവിൽ ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും (പി.എച്ച്.സി, എഫ്.എച്ച്.സി, സി.എച്ച്.സി, താലൂക്ക്/ജില്ലാ ആശുപത്രികൾ) തികച്ചും സൗജന്യമായാണ് നൽകുന്നത്. അടുത്തുള്ള സർക്കാർ ആശുപത്രിയുമായി ബന്ധപ്പെട്ട് ഏത് ദിവസമാണ് എച്ച്.പി.വി വാക്സിനേഷൻ സെഷൻ ഉള്ളതെന്ന് മനസ്സിലാക്കി കുട്ടികൾക്ക് വാക്സിൻ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. നമ്മുടെ പെൺമക്കളുടെ ആരോഗ്യകരമായ ഭാവിക്ക് ഈ പ്രതിരോധ കുത്തിവെയ്പ്പ് അനിവാര്യമാണെന്ന് ജില്ലാ കളക്ടർ പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും മാർച്ച് മാസം മുതൽ മെയ് 31 വരെ മൂന്ന് മാസക്കാലയളവിലാണ് ഈ ക്യാമ്പയിൻ നടക്കുന്നത്.

# എറണാകുളം ജില്ലാ ബാഡ്മിൻഡൻ ടൂർണമെന്റ്

**കൊച്ചി :** എറണാകുളം ജില്ലാ ബാഡ്മിൻഡൻ ടൂർണമെന്റിന്റെ രണ്ടാം ഘട്ട മത്സരങ്ങൾ നാളെയും മറ്റന്നാളുമായി (മെയ് 14,15, തിയതികളിൽ) കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും.

15 മുതൽ 19 വയസ് വരെ പ്രായമുള്ളവരുടെ മത്സരങ്ങളാണ് നടക്കുകയെന്ന് അസ്സോസിയേഷൻ ജില്ലാ പ്രസിഡന്റ് അഡ്വ.കെ.ബി.രാജേഷ് അറിയിച്ചു.


എറണാകുളം ജില്ലാ ബാഡ്മിൻഡൻ ടൂർണമെന്റിൽ 13 വയസ് വരെയുള്ള വിഭാഗത്തിലെ വിജയികൾ അസ്സോസിയേഷൻ ഭാരവാഹികളോടൊപ്പം.

എട്ടാം തിയതി മുതൽ 10 തിയതി വരെ നടത്തിയ 13 വയസ് വരെയുള്ള കുട്ടികളുടെ ടൂർണമെന്റിലെ വിജയികൾക്കുള്ള സമ്മാനദാനം എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഡോ.ജെയ് ജേക്കബ്, ജില്ലാ ബാഡ്മിൻഡൻ ഷട്ടിൽ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.കെ.ബി.രാജേഷ്, വൈസ് പ്രസിഡന്റ് കെ.കെ.നദിർ, സെക്രട്ടറി ബി.ബാബു എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

# ഗസ്റ്റ് അധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ 2026–27 അധ്യയന വർഷത്തേക്ക് മലയാളം, ഹിന്ദി, ഇംഗ്ലീഷ് വിഷയങ്ങളിൽ ഓരോ ഒഴിവുകളിലേക്കും നിയമ വിഭാഗത്തിൽ നിലവിലുള്ളതും ഭാവിയിൽ ഉായേക്കാവുന്നതുമായ ഒഴിവുകളിലേക്കും ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നു.

യു.ജി.സി മാനദണ്ഡപ്രകാരം യോഗ്യതയുള്ളവരും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഗസ്റ്റ് പാനലിൽ പേര് രജിസ്റ്റർ ചെയ്തവരും (നിയമ വിഭാഗം ഒഴികെ) ആയ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, മുൻപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളും പകർപ്പുകളും സഹിതം നിശ്ചിത സമയത്ത് പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകണം. നിയമ വിഭാഗത്തിലേക്കുള്ള അഭിമുഖം മെയ് 22 നും ഇംഗ്ലീഷ്, മലയാളം, ഹിന്ദി വിഷയങ്ങളിലേക്കുള്ള അഭിമുഖം മെയ് 25 നും രാവിലെ 10.30-ന് കോളേജിൽ നടക്കും.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വർക്കിങ് വുമൺസ് ഹോസ്റ്റലിൽ കാഷ്വൽ സ്വീപ്പർ തസ്തികകളിൽ കരാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അഭിമുഖം മെയ് 19 ന് രാവിലെ 11.30ന് ഏറണാകുളം ഡിവിഷൻ ഓഫീസിൽ നടക്കും.

താല്പര്യമുള്ളവർ മെയ് 18നകം അപേക്ഷകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ബോട്ട് ജെട്ടിക്ക് സമീപമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായി ബന്ധപ്പെടുക.

# അഭിഭാഷക ക്ഷേമനിധി ആനുകൂല്യ വർധന; ആദ്യ ചെക്ക് കൈമാറി

**തിരുവനന്തപുരം:** മുൻ സർക്കാർ നിയമഭേദഗതിയിലൂടെ നടപ്പിലാക്കിയ അഭിഭാഷക ക്ഷേമനിധി ആനുകൂല്യ വർധനവ് പ്രാബല്യത്തിൽ വന്നു. വർധിപ്പിച്ച തുകയായ 20 ലക്ഷം രൂപയുടെ ചെക്ക് കൈമാറി അഡ്വക്കേറ്റ് ജനറൽ കെ ഗോപാലകൃഷ്ണക്കുറുപ്പ് സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു.




പ്രാക്ടീസ് അവസാനിപ്പിക്കുമ്പോൾ നൽകുന്ന ആനുകൂല്യത്തിന്റെയും മരണാനന്തരം നൽകുന്ന ആനുകൂല്യത്തിന്റെയും നിലവിലുള്ള പത്ത് ലക്ഷം രൂപ എന്ന പരിധി ഉയർത്തിയാണ് 20 ലക്ഷം രൂപയായി മുൻ സർക്കാർ വർധിപ്പിച്ചത്. തൊടുപുഴ ബാറിലെ അഭിഭാഷകനായിരുന്ന മരണപ്പെട്ടുപോയ എ.എം. വിജയൻ ആലപ്പാട്ടിന്റെ ഭാര്യ ഗീത വിജയനു വേണ്ടി ബാർ കൗൺസിൽ ചെയർമാൻ ടി എ സ് അജിത്ത് ചെക്ക് ഏറ്റുവാങ്ങി.

തിരുവനന്തപുരം ബാർ അസോസിയേഷൻ ഹാളിൽ നടന്ന ചടങ്ങിൽ ജസ്റ്റീസ് എൻ നാഗരേഷ് മുഖ്യാതിഥിയായിരുന്നു. മുൻ ചെയർമാൻ കെ പി ജയചന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. നിയമ സെക്രട്ടറി കെ. ജി. സനൽ കുമാർ, ബാർ കൗൺസിൽ ട്രഷറർ സന്തോഷ് കുമാർ പി, മുൻ ചെയർമാൻമാരായ കെ. എൻ. അനിൽ കുമാർ, ജോസഫ് ജോൺ, ട്രസ്റ്റി കമ്മറ്റിയിലെ സർക്കാർ പ്രതിനിധി സാജൻ മാത്യു, ബാർ കൗൺസിൽ അംഗങ്ങളായ നാഗരാജ് നാരായണൻ, പ്രമോദ് എസ്. കെ, ആനയറ ഷാജി, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് ജി ഗോപിദാസ്, സെക്രട്ടറി വള്ളക്കടവ് മുരളീധരൻ, ബാർ കൗൺസിൽ സെക്രട്ടറി ആർ. ഹരിബാബു എന്നിവർ സംബന്ധിച്ചു.

# സ്കൂൾ വിദ്യാർത്ഥികളുടെ നിർബന്ധിത ബയോമെട്രിക് വിവരങ്ങൾ പുതുക്കുന്നതിനായി തപാൽ വകുപ്പ് പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കും



**കൊച്ചി:** തപാൽ വകുപ്പിന്റെ നേതൃത്വത്തിൽ കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ എന്നീ ജില്ലകളിലെ സ്കൂളുകളിൽ ആധാർ എൻറോൾമെന്റിനും ബയോമെട്രിക് പുതുക്കുന്നതിനുമായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കും. സ്കൂൾ കുട്ടികളുടെ ആധാറിലെ ബയോമെട്രിക് വിവരങ്ങൾ കാലാനുസൃതമായി പുതുക്കുക എന്നതാണ് ഈ ക്യാമ്പയിനിന്റെ പ്രധാന ലക്ഷ്യം. കൂടാതെ, ആവശ്യമുള്ളവർക്ക് ജനന തീയതി, വിലാസം തുടങ്ങിയ വിവരങ്ങളിൽ മാറ്റം വരുത്താനും (Demographic Update) പുതിയ ആധാറിനായി അപേക്ഷിക്കാനും സൗകര്യമുണ്ടാകും. 2026 ജൂൺ 01-ന് ആരംഭിക്കുന്ന ഈ പദ്ധതി ആഗസ്റ്റ് 31 വരെ നീണ്ടുനിൽക്കും.

മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ജില്ലാ കളക്ടറുമായി ഏകോപന യോഗം ചേർന്നു. പദ്ധതി സ്കൂളുകളിൽ സുഗമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർമാർ, വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായും ചർച്ചകൾ നടത്തി. കുട്ടികളുടെ ആധാർ എൻറോൾമെന്റിന്റെയും വിവരങ്ങൾ പുതുക്കലിന്റെയും പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കളെയും സ്കൂൾ അധികൃതരെയും ബോധവൽക്കരിക്കുന്നതിനായി തപാൽ വകുപ്പ് തയ്യാറാക്കിയ വിശദമായ ചെക്ക്ലിസ്റ്റ് യോഗത്തിൽ ജില്ലാ ഉദ്യോഗസ്ഥർക്ക് കൈമാറി.

'ഒരു മേഖല, ഒരു ലക്ഷ്യം എല്ലാ കുട്ടികൾക്കും പുതുക്കിയ ആധാർ' എന്ന ദൗത്യത്തിന് കീഴിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആധാർ സേവനങ്ങൾ എല്ലാവരിലേക്കും എത്തിക്കുക എന്ന കേന്ദ്ര ഗവണ്മെന്റിന്റെ ലക്ഷ്യത്തിന് പിന്തുണ നൽകുന്നതിനും, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആധാർ അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഇന്ത്യ പോസ്റ്റിന്റെ പ്രതിജ്ഞാബദ്ധതയാണ് ഈ ശ്രമത്തിലൂടെ പ്രതിഫലിക്കുന്നത്.

പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി തപാൽ ജീവനക്കാർ സ്കൂൾ അധികൃതരുമായും പിടിഎ അംഗങ്ങളുമായും ചർച്ചകൾ നടത്തിവരികയാണ്.

ഈ ക്യാമ്പുകളിൽ, ആധാർ സേവനങ്ങൾക്ക് പുറമെ ലഘു സമ്പാദ്യ പദ്ധതികൾ, ഇൻഷുറൻസ്, തപാൽ സ്റ്റാമ്പ് ശേഖരണം (Philately) എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് തപാൽ വകുപ്പ് ഉദ്യോഗസ്ഥർ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സ്കൂൾ അധികൃതർക്കുമായി ബോധവൽക്കരണ സെഷനുകളും സംഘടിപ്പിക്കും.

# കാനേഷുമാരി നടപടികളുമായി പൊതുജനങ്ങൾ സഹകരിക്കണം : ജില്ലാ കളക്ടർ

**കൊച്ചി:** കേരളത്തിൽ 2026-ലെ സെൻസസ് (കാനേഷുമാരി) നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ ജൂൺ 16 മുതൽ 15 ദിവസത്തെ സെൽഫ് എന്യുമറേഷനുമായി പൊതു ജനങ്ങൾ പൂർണമായി സഹകരിക്കണമെന്ന് പ്രിൻസിപ്പൽ സെൻസസ് ചാർജ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ജി പ്രിയങ്ക അഭ്യർത്ഥിച്ചു.

ഈ കാലയളവിനു ശേഷം, ജൂലൈ 1 മുതൽ ജൂലൈ 30 വരെയാണ് പ്രധാന സെൻസസ് നടപടികൾ നടക്കുക. ഏറ്റവും താഴ്ന്ന ഭരണ യൂണിറ്റുകളായ ഗ്രാമങ്ങൾ, വാർഡുകൾ എന്നിവ അടിസ്ഥാനമാക്കി ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള പ്രാഥമിക ഉറവിടമാണ് സെൻസസ്. ഭവന സ്ഥിതി, അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക പ്രവർത്തനം, മതം, സാക്ഷരത, കുടിയേറ്റം തുടങ്ങിയ വിവിധ മേഖലകളിലെ വിവരശേഖരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആസൂത്രണത്തിനും ഫലപ്രദമായ പൊതുഭരണത്തിനും സെൻസസ് ഡാറ്റ അത്യന്താപേക്ഷിതമാണ്. പാർലമെന്റ്, അസംബ്ലി, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ മണ്ഡല അതിർത്തി നിർണ്ണയത്തിനും സംവരണത്തിനും ഈ വിവരങ്ങൾ ഉപയോഗിക്കുന്നു. സെൻസസ് നിയമം 1948 പ്രകാരം പൊതുജനങ്ങൾ പാലിക്കേ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

സെൻസസ് ഉദ്യോഗസ്ഥർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകാൻ ഓരോ വ്യക്തിയും നിയമപരമായി ബാധ്യസ്ഥനാണ്. എന്നാൽ, കുടുംബത്തിലെ സ്ത്രീകളുടെ പേരോ, ഭർത്താവിന്റെ പേരോ വെളിപ്പെടുത്താൻ ആചാരപരമായ തടസ്സങ്ങൾ ഉണ്ടെങ്കിൽ അതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. വിവരശേഖരണത്തിനായി എത്തുന്ന ഉദ്യോഗസ്ഥർക്ക് വീടുകളിലോ സ്ഥാപനങ്ങളിലോ പ്രവേശനം അനുവദിക്കേണ്ടതാണ്. സെൻസസ് ആവശ്യങ്ങൾക്കായി അടയാളങ്ങളോ നമ്പറുകളോ പതിപ്പിക്കാൻ അവരെ അനുവദിക്കണം.

സെൻസസ് ഉദ്യോഗസ്ഥർ ശേഖരിക്കുന്ന വിവരങ്ങൾ അതീവ രഹസ്യമായി സൂക്ഷിക്കും. നിയമപരമായ നടപടികൾക്കല്ലാതെ ഇവ സിവിൽ-ക്രിമിനൽ കേസുകളിൽ തെളിവായി ഉപയോഗിക്കാൻ കഴിയില്ല. സെൻസസ് നടപടികൾ തടസ്സപ്പെടുത്തുന്നവർക്കോ, മനഃപൂർവ്വം തെറ്റായ വിവരങ്ങൾ നൽകുന്നവർക്കോ 1000 രൂപ വരെ പിഴ ശിക്ഷ ലഭിക്കാവുന്നതാണ്. ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുന്ന സെൻസസ് ഉദ്യോഗസ്ഥർക്കും ഇതേ നിയമപ്രകാരം മൂന്ന് വർഷം വരെ തടവ് ലഭിക്കാൻ വ്യവസ്ഥയുണ്ട്. കൃത്യവും വ്യക്തവുമായ വിവരങ്ങൾ നൽകി സെൻസസ് നടപടികളുമായി പൂർണ്ണമായി സഹകരിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

# യു.ഡി.എഫ്. സർക്കാർ പിണറായി സർക്കാരിന്റെ മദ്യനയം സമൂലം തിരുത്തിയെഴുതണം: കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**കൊച്ചി:** യു.ഡി.എഫ്. സർക്കാർ പിണറായി സർക്കാരിന്റെ ജനവിരുദ്ധ മദ്യനയം സമൂലം തിരുത്തിയെഴുതണമെന്നും തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്‌യുടെ നടപടികൾ ഭരണത്തിലേറുന്ന പുതിയ സർക്കാർ മാതൃകയിലാക്കണമെന്നും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന നേതൃയോഗം ആവശ്യപ്പെട്ടു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ബസ് സ്റ്റാന്റുകൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെ 500 മീറ്റർ പരിധിയിലുള്ള മുഴുവൻ മദ്യശാലകളും അടച്ചുപൂട്ടണമെന്ന തമിഴ്നാട് മുഖ്യമന്ത്രിയുടെ ഉത്തരവ് പൊതുജന നന്മ കാംക്ഷിച്ചുള്ളതാണ്. തമിഴ്നാട്ടിൽ മദ്യശാലകൾ അടച്ചുപൂട്ടി തുടങ്ങുമ്പോൾ കേരളത്തിൽ മദ്യത്തിന് വിലകുറച്ച് മദ്യപരെ വർദ്ധിപ്പിക്കുന്ന നയമാണ് കാവൽ സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

2016-ൽ ഉമ്മൻചാണ്ടി സർക്കാർ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിന്റെ ഭാഗമായി ബെവ്കോ-കോൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ ഓരോ വർഷവും 10% വച്ച് അടച്ചുപൂട്ടാൻ ആരംഭിച്ചിരുന്നു. പിന്നീട് 29 ബാറുകൾ ഒഴികെ മുഴുവൻ മദ്യശാലകളും അടച്ചുപൂട്ടി. ഉമ്മൻ ചാണ്ടി സർക്കാരിന്റെ പാത പുതിയ സർക്കാർ പിന്തുടരണം. അഞ്ച് വർഷംകൊണ്ട് സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിൽ വരുത്തണം. തൊട്ടടുത്ത സംസ്ഥാനത്ത് മദ്യനിരോധന ഘട്ടങ്ങൾ തുടങ്ങിവച്ചിരിക്കുന്നതുകൊണ്ട് കേരളത്തിൽ പ്രാബല്യത്തിലാക്കൽ കൂടുതൽ എളുപ്പമാകും.

മാരക മയക്കുമരുന്നുകളുടെ ഉറവിടത്തെ പുതിയ സർക്കാർ ഇല്ലായ്മ ചെയ്യണം. യുവതലമുറയും ഇളംതലമുറയും വ്യാപകമായി മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്. കർണ്ണാടക-തമിഴ്നാട്-കേരളം ഉൾപ്പെടെയുള്ള കോൺഗ്രസ് പങ്കാളിത്ത അയൽ സർക്കാരുകൾ യോജിച്ച് പ്രവർത്തിച്ചാൽ മയക്കുമരുന്നുകളെ ഉൻമൂലനം ചെയ്യാൻ സാധിക്കുമെന്നും സംസ്ഥാന സമിതിക്കുവേണ്ടി സംസ്ഥാന സെക്രട്ടറിയും വക്താവുമായ പ്രസാദ് കുരുവിള പറഞ്ഞു.

സംസ്ഥാന സമിതിയുടെ സെക്രട്ടറിയേറ്റ് യോഗം 16 ന് ശനിയാഴ്ച വൈകുന്നേരം 8.30ന് ചെയർമാൻ ബിഷപ് അംബ്രോസ് പുത്തൻവീട്ടിലിന്റെ അദ്ധ്യക്ഷതയിൽ ഓൺലൈനായി നടക്കും.

# കെ.വി.വി.ഇ.എസ് കലൂർ യൂണിറ്റ് ; കെ.എ നാദിർഷ പ്രസിഡന്റ്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കലൂർ യൂണിറ്റിന്റെ 48-ാമത് വാർഷിക പൊതുയോഗം ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് ഉദ്ഘാടനം ചെയ്തു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജില്ലാ ജനറൽ സെക്രട്ടറി സി.എസ്.രാമചന്ദ്രൻ, നിയോജക മണ്ഡലം പ്രസിഡന്റ് എം.സി.പോൾസൺ, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസഫ്, സൊസൈറ്റി ചെയർമാൻ പി.എം.അബൂബക്കർ, യൂണിറ്റ് പ്രസിഡന്റ് കെ.എ.നാദിർഷ, ജനറൽ സെക്രട്ടറി കെ.സി.അനസ്, ട്രഷറർ സജി സ്റ്റാൻലി, വി.വി.സ്റ്റീഫൻ, എസ്.എസ്.സനോജ് എന്നിവർ പ്രസംഗിച്ചു. കെ.എ. നാദിർഷ (പ്രസിഡന്റ്), കെ.സി.അനസ് (ജനറൽ സെക്രട്ടറി), സജി സ്റ്റാൻലി (ട്രഷറർ) എന്നിവരെ 2026-28 വർഷത്തെ ഭാരവാഹികളായും യോഗം തിരഞ്ഞെടുത്തു.



*കെ.വി.വി.ഇ.എസ് കലൂർ യൂണിറ്റ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് കെ.എ നാദിർഷ ജനറൽ സെക്രട്ടറി കെ.സി.അനസ്, ട്രഷറർ സജി സ്റ്റാൻലി എന്നിവർ.*

# ടെൻഡർ ക്ഷണിച്ചു

**കാക്കനാട്:** കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ വനിതാ ശിശു വികസന ഓഫീസിലെ ഉപയോഗത്തിനായി ഒരുവർഷ കാലയളവിലേക്ക് വാഹനം ( കാർ ) വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ടെൻഡർ ക്ഷണിച്ചു.

മെയ് 29 ന് ഉച്ചയ്ക്ക് 2 വരെയാണ് ടെൻഡറുകൾ സ്വീകരിക്കുക. കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ജില്ലാ വനിതാ ശിശു വികസന ഓഫീസുമായി ബന്ധപ്പെടുക.

# രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ഊർജ്ജ സുരക്ഷയ്ക്കും ഇന്ധന ഉപഭോഗം കുറയ്ക്കണമെന്ന് വിദഗ്ധർ

**കൊച്ചി :** പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപഭോഗം കുറയ്ക്കുന്നതും പൊതുഗതാഗത സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതും സ്വദേശി ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയും ഊർജ്ജ സുരക്ഷയും ഉറപ്പാക്കാൻ സഹായിക്കുമെന്ന് സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെട്ടു. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, രാജ്യം സ്വീകരിക്കുന്ന പുതിയ സാമ്പത്തിക നയങ്ങളോട് ജനങ്ങൾ സഹകരിക്കേണ്ട നിർണ്ണായക ഘട്ടമാണിതെന്ന് വിദഗ്ധർ വിലയിരുത്തി.



രാജ്യാന്തര തലത്തിലെ യുദ്ധസാഹചര്യങ്ങൾ പെട്രോളിയം ഉൽപ്പന്നങ്ങൾ, പാചകവാതകം, വളം, ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില വർധിക്കാൻ ഇടയാക്കിയിട്ടുണ്ട്. ക്രൂഡ് ഓയിൽ, വളം, ഭക്ഷ്യഎണ്ണ എന്നിവയ്ക്കായി വിദേശ രാജ്യങ്ങളെ വൻതോതിൽ ആശ്രയിക്കുന്നതിനാൽ, ഇവയുടെ വിലവർധനവ് ഇന്ത്യയുടെ ഇറക്കുമതി ചെലവ് കുത്തനെ ഉയർത്തും. പെട്രോൾ, ഡീസൽ ഉപഭോഗം നിയന്ത്രിക്കുന്നതിലൂടെ ക്രൂഡ് ഓയിൽ ഇറക്കുമതി കുറയ്ക്കാൻ സാധിക്കും. പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതും ആഭ്യന്തര വിനോദസഞ്ചാരത്തിന് മുൻഗണന നൽകുന്നതും സ്വദേശി ഉൽപ്പന്നങ്ങൾ വാങ്ങുന്നതും രാജ്യത്തെ സാമ്പത്തിക ഇടപാടുകൾ രാജ്യത്തിനുള്ളിൽ തന്നെ നിലനിർത്താൻ സഹായിക്കും. പ്രകൃതിദത്ത കൃഷിരീതികളും പുനരുപയോഗ ഊർജ സ്രോതസ്സുകളും പ്രയോജനപ്പെടുത്തുന്നത് വിദേശ ഇന്ധനങ്ങളെയും രാസവളങ്ങളെയും ആശ്രയിക്കുന്നത് ഘട്ടംഘട്ടമായി കുറയ്ക്കാൻ സഹായിക്കും

രാജ്യാന്തര വിപണിയിൽ വൻ ചാഞ്ചാട്ടമുണ്ടായിട്ടും രാജ്യത്തെ പൊതുമേഖലാ എണ്ണക്കമ്പനികൾ ഇന്ധനവില നിയന്ത്രിച്ചു നിർത്തുന്നതിലും വിതരണം തടസ്സമില്ലാതെ നടത്തുന്നതിലും വിജയിച്ചിട്ടുണ്ട്. ആഗോള പ്രതിസന്ധികൾക്കിടയിലും തടസ്സമില്ലാത്ത ഇന്ധനവിതരണം ഉറപ്പാക്കുന്നത് റിഫൈനറികൾ, ബോട്ട്‌ലിങ് പ്ലാന്റുകൾ, പൈപ്പ്‌ലൈൻ ശൃംഖല എന്നിവയുൾപ്പെടുന്ന ഇന്ത്യയുടെ സുസജ്ജമായ അടിസ്ഥാന സൗകര്യങ്ങളാണ്. പൊതുജനങ്ങളുടെ ഭാഗത്തുനിന്നുള്ള സഹകരണം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുമെന്നാണ് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.

# യുദ്ധഭീതി: വായ്പാമൊറട്ടോറിയം അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർഥിച്ച് കെടിഎം

**കൊച്ചി:** പശ്ചിമേഷ്യയിലെയും ഗൾഫ് മേഖലയിലെയും നിലവിലെ ഭൗമരാഷ്ട്രീയ സാഹചര്യങ്ങൾ സൃഷ്ടിച്ചിരിക്കുന്ന കടുത്ത പ്രതിസന്ധി കണക്കിലെടുത്ത്, ടൂറിസം മേഖലയിൽ വായ്പാ തിരിച്ചടവുകൾക്ക് മൊറട്ടോറിയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ട്രാവൽ മാർട്ട് (കെ.ടി.എം) സൊസൈറ്റി കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചു. ഇതു സംബന്ധിച്ച നിവേദനം കെ.ടി.എം സൊസൈറ്റി പ്രസിഡന്റ് ജോസ് പ്രദീപ് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന് സമർപ്പിച്ചു.

യാത്രാ തടസ്സങ്ങൾ, വിമാന സർവീസുകൾ റദ്ദാക്കൽ, വിദേശ വിനോദസഞ്ചാരികളുടെ വരവിലുണ്ടായ ഗണ്യമായ കുറവ് എന്നിവ ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജൻസികൾ തുടങ്ങി ടൂറിസം മേഖലയിലെ വിവിധ വിഭാഗങ്ങളെ സാരമായി ബാധിച്ചിരിക്കുകയാണ്. വരുമാനത്തിലും വിദേശ നാണ്യത്തിനുമുണ്ടായ കുറവ് ടൂറിസം മേഖലയെ വലിയ ആശങ്കയിലാക്കുന്നുവെന്ന് നിവേദനത്തിൽ പറഞ്ഞു.

വാണിജ്യ എൽ.പി.ജി സിലിണ്ടറുകളുടെ വിലയിലുണ്ടായ കുത്തനെയുള്ള വർദ്ധനവ് ടൂറിസം സ്ഥാപനങ്ങളുടെ പ്രവർത്തനച്ചെലവ് വൻതോതിൽ വർദ്ധിപ്പിക്കാൻ കാരണമായി. വിദേശ ടൂറിസ്റ്റുകളുടെ ഓഫ്-സീസൺ ആയതിനാൽ വരുമാനം കുറഞ്ഞ സാഹചര്യത്തിൽ, വായ്പകളുടെ തിരിച്ചടവ് ഉൾപ്പെടെയുള്ള സ്ഥിര ബാധ്യതകൾ നിറവേറ്റാൻ ടൂറിസം മേഖല വലിയ സാമ്പത്തിക ബാധ്യതയാണ് പേറുന്നത്. ഈ സാഹചര്യത്തിൽ വായ്പകളുടെ മുതലിനും പലിശയ്ക്കും ഒരു വർഷത്തെ മൊറട്ടോറിയം അനുവദിക്കണമെന്ന് കെടിഎം അപേക്ഷിച്ചു. വായ്പ എടുത്തവരുടെ ക്രെഡിറ്റ് റേറ്റിംഗിനെ ഈ നടപടി ബാധിക്കില്ലെന്ന് ഉറപ്പുവരുത്താൻ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും കെ.ടി.എം കേന്ദ്ര ധനമന്ത്രിയോട് അഭ്യർത്ഥിച്ചു.

കോവിഡ് മഹാമാരിയുടെ സമയത്ത് നടപ്പിലാക്കിയ എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരന്റി സ്കീം മാതൃകയിൽ ടൂറിസം മേഖലയ്ക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി പ്രത്യേക സാമ്പത്തിക സഹായ പദ്ധതി ആവിഷ്കരിക്കണമെന്നും കെ.ടി.എം ആവശ്യപ്പെട്ടിട്ടുണ്ട്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വിദേശനാണ്യം നേടുന്നതിലും നിർണ്ണായക പങ്ക് വഹിക്കുന്ന ടൂറിസം മേഖലയുടെ അതിജീവനത്തിന് കേന്ദ്രസർക്കാരിന്റെ സമയബന്ധിതമായ ഇടപെടൽ അത്യാവശ്യമാണെന്ന് സൊസൈറ്റി ചൂണ്ടിക്കാട്ടി.

## സ്പീച്ച് തെറാപ്പിസ്റ്റ് നിയമനം

**തിരുവനന്തപുരം:**നാഷണൽ ആയുഷ് മിഷൻ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിലേക്ക് സ്പീച്ച് തെറാപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ബാച്ചിലർ ഓഫ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പത്തോളജി യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. പരമാവധി പ്രായപരിധി 40 വയസും പ്രതിമാസ ശമ്പളം 31,300 രൂപയുമാണ്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന അപേക്ഷാഫോം പൂരിപ്പിച്ച് തിരുവനന്തപുരം ആയുർവേദ കോളേജിന് സമീപമുള്ള ആരോഗ്യഭവൻ ബിൽഡിങ്ങിന്റെ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം. അപേക്ഷയുടെ കവറിലും അപേക്ഷയിലും അപേക്ഷിക്കുന്ന തസ്തിക വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 23 വൈകിട്ട് 5 മണിവരെയാണ്. ഇന്റർവ്യൂ മേയ് 26 രാവിലെ 10 മണി മുതൽ പൂജപ്പുരയിലെ സർക്കാർ ആയുർവേദ കോളേജ്, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രിയിൽ നടക്കും.

# അഡ്വർടൈസിംഗ് മേഖലയെ ലളിതമാക്കാൻ ഡിജിറ്റൽ ആപ്പ്

**തൃശൂർ:** ഔട്ട്ഡോർ അഡ്വർടൈസിംഗ് മേഖലയെ കൂടുതൽ ലളിതവും സ്മാർട്ടുമാക്കാൻ ലക്ഷ്യമിട്ടുള്ള നവീന സംരംഭമായ എനിതിങ് ഔട്ട്ഓഫ് ഹോം ഓൾ-ഇൻ-വൺ ഡിജിറ്റൽ പ്ലാറ്റ്ഫോം കൊച്ചിയിൽ പുറത്തിക്കി. ആഡ്ടേക്കൻ പ്രൈവറ്റ് ലിമിറ്റഡ് പുറത്തിറക്കിയ ഈ ആപ്പിന്റെ ഉദ്ഘാടനം പ്രഥമ 'ക്യാൻ ഇന്നസെന്റ് അവാർഡ്' ചടങ്ങിൽ നടൻ ദിലീപ്, നടിയും 'അമ്മ' പ്രസിഡന്റുമായ ശ്വേതാ മേനോൻ എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

പരസ്യദാതാക്കൾക്കും ഏജൻസികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ ഔട്ട്ഡോർ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിക്കുകയാണ് ഈ ആപ്പിലൂടെ ലക്ഷ്യമിടുന്നത്.

ചടങ്ങിൽ കമ്പനി ഡയറക്ടേഴ്സ് ആയ സജിത്ത് എ.കെ, നജുമുദ്ദീൻ ഇല്യാസ്, ആദിൽ നൗഷാദ് എന്നിവർ സന്നിഹിതരായിരുന്നു.



*കൊച്ചി അസീസിയ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ എനിതിങ് ഔട്ട്ഓഫ് ഹോം ഓൾ-ഇൻ-വൺ ഡിജിറ്റൽ പ്ലാറ്റ്ഫോം അമ്മ പ്രസിഡന്റ് ശ്വേത മേനോനും നടൻ ദിലീപും ചേർന്ന് പുറത്തിറക്കുന്നു.*

ചടങ്ങിൽ പ്രഥമ ക്യാൻ ഇന്നസെന്റ് അവാർഡ് നടൻ അജു വർഗീസ് ഏറ്റുവാങ്ങി. അതോടൊപ്പം മലയാള ചലച്ചിത്ര മേഖലയിൽ 50 വർഷം പൂർത്തിയാക്കിയ മുതിർന്ന താരങ്ങളായ ശ്രീലത നമ്പൂതിരി, ടി.ജി. രവി, വിജയരാഘവൻ, മണിയൻപിള്ള രാജു എന്നിവരെ ചടങ്ങിൽ ആദരിച്ചു.

പരസ്യ വിപണന രംഗത്ത് സാങ്കേതിക വിദ്യയുടെ സഹായത്തോടെ വലിയ മാറ്റങ്ങൾ കൊുവരാൻ എനിതിങ് ഔട്ട്ഓഫ് ഹോം പ്ലാറ്റ്ഫോമിന് സാധിക്കുമെന്ന് അധികൃതർ ചടങ്ങിൽ വ്യക്തമാക്കി.

# ജോയ്ആലുക്കാസ് 'പ്രൈഡ് 2026' കൊച്ചിയിൽ

**കൊച്ചി:** ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസുമായി സഹകരിക്കുന്ന വ്യാവസായിക പ്രമുഖർ, പങ്കാളിത്ത സ്ഥാപനങ്ങൾ എന്നിവരുടെ ആഗോള സംഗമം 'പ്രൈഡ് 2026' കൊച്ചിയിൽ ജോയ്ആലുക്കാസ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ്, ജോളി ജോയ് ആലുക്കാസ് എന്നിവർ ഉദ്ഘാടനം ചെയ്തു. ജോയ്ആലുക്കാസ് ഗ്രൂപ്പിന്റെ ആഭരണങ്ങൾ ആഗോളതലത്തിൽ വിതരണം ചെയ്യുന്ന പ്രമുഖർ, പങ്കാളികൾ, വിശിഷ്ടാതിഥികൾ എന്നിവർക്ക് പുറമെ നാഷണൽ ജെംസ് ആൻഡ് ജ്വല്ലറി കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാൻ പ്രമോദ് അഗർവാൾ, ആർട്ട് ജ്വല്ലറി മാഗസിൻ ചീഫ് എഡിറ്റർ സുമേഷ് വധേര, പിജി ഐ ഇന്ത്യ എംഡി വൈശാലി ബാനർജി, സിനിമാതാരം അപർണ ബാലമുരളി, ജോയ്ആലുക്കാസ് സിഇഒ ജോൺ പോൾ ആലുക്കാസ്, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ തോമസ് മാത്യു, ആന്റണി ജോസ്, ഡയറക്ടർമാരായ സോണിയ ആലുക്കാസ്, എൽസ ജോയ് ആലുക്കാസ് എന്നിവരും പങ്കെടുത്തു.

ലോകമെമ്പാടുമുള്ള 200 വിതരണ പങ്കാളികളാണ് സംഗമത്തിൽ പങ്കെടുക്കുന്നത്. ജോയ്ആലുക്കാസ് ഗ്രൂപ്പിന്റെ വളർച്ചയ്ക്ക് പ്രത്യേകമായി തയ്യാറാക്കിയ ആഭരണങ്ങളുടെ പ്രദർശനവും നടക്കും. നൂതന ആഭരണ നിർമാണ രീതികളും സർഗാത്മകതയും പങ്കുവെക്കുന്നതിനോടൊപ്പം ബിസിനസ് പങ്കാളിയുമായുള്ള ദീർഘകാല ബന്ധം ഉറപ്പിക്കുന്നതിനുള്ള വേദികൂടിയാണ് പ്രൈഡ് 2026. പരസ്പര വിശ്വാസത്തിലും സത്യസന്ധതയിലും പടുത്തുയർത്തിയതാണ് വിതരണ പങ്കാളികളുമായുള്ള ബന്ധമെന്നും അവരുടെ കഴിവും കരവിരുതുമാണ് ജോയ്ആലുക്കാസ് ഗ്രൂപ്പിനെ ആഗോള ജ്വല്ലറി ബ്രാൻഡാക്കി മാറ്റിയതെന്നും ഡോ. ജോയ് ആലുക്കാസ് പറഞ്ഞു. കേവലം സംഗമം എന്നതിലുപരി ബിസിനസ് പങ്കാളിയുമായുള്ള ബന്ധം ആഘോഷിക്കുകയാണ് പ്രൈഡ് 2026 ലൂടെ ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആഭരണ വിപണിയിലെ പുത്തൻ ട്രെൻഡുകൾ, ഡിസൈനിങ് രീതികൾ എന്നിവയെക്കുറിച്ചും ചർച്ചകൾ സംഘടിപ്പിച്ചു.




*ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസുമായി സഹകരിക്കുന്ന വ്യാവസായിക പ്രമുഖർ, പങ്കാളിത്ത സ്ഥാപനങ്ങൾ എന്നിവരുടെ ആഗോള സംഗമം 'പ്രൈഡ് 2026' കൊച്ചിയിൽ ജോയ്ആലുക്കാസ് ചെയർമാൻ ഡോ. ജോയ് ആലുക്കാസ്, ജോളി ജോയ് ആലുക്കാസ് എന്നിവർ ഉദ്ഘാടനം ചെയ്തു. ജോയ്ആലുക്കാസ് ഗ്രൂപ്പിന്റെ ആഭരണങ്ങൾ ആഗോളതലത്തിൽ വിതരണം ചെയ്യുന്ന പ്രമുഖർ, പങ്കാളികൾ, വിശിഷ്ടാതിഥികൾ എന്നിവർക്ക് പുറമെ നാഷണൽ ജെംസ് ആൻഡ് ജ്വല്ലറി കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാൻ പ്രമോദ് അഗർവാൾ, ആർട്ട് ജ്വല്ലറി മാഗസിൻ ചീഫ് എഡിറ്റർ സുമേഷ് വധേര, പിജിഐ ഇന്ത്യ എംഡി വൈശാലി ബാനർജി, സിനിമാതാരം അപർണ ബാലമുരളി, ജോയ്ആലുക്കാസ് സിഇഒ ജോൺ പോൾ ആലുക്കാസ്, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ തോമസ് മാത്യു, ആന്റണി ജോസ്, ഡയറക്ടർമാരായ സോണിയ ആലുക്കാസ്, എൽസ ജോയ് ആലുക്കാസ് എന്നിവരും പങ്കെടുത്തു.*

# വി–ഗാർഡ് വരുമാനത്തിൽ 14.1 ശതമാനം വർധന; അറ്റാദായം 23 ശതമാനം വർധിച്ചു

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണ നിർമാതാക്കളായ വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2025-26 സാമ്പത്തിക വർഷം അവസാന പാദത്തിൽ 1755.27 കോടി രൂപ മൊത്തം വരുമാനം നേടി. മുൻ വർഷം ഇതേ പാദത്തിലെ 1538.08 കോടി രൂപയിൽ നിന്ന് 14.1 ശതമാനമാണ് വർധന. മുൻവർഷം ഇതേ പാദത്തിൽ 91.13 കോടി രൂപയായിരുന്ന അറ്റാദായം ഇത്തവണ 23% വർധിച്ച് 112.13 കോടി രൂപയിലെത്തി.

മാർച്ച് 31ന് അവസാനിച്ച 2025-2026 സാമ്പത്തിക വർഷത്തിൽ കമ്പനി ആകെ 5965.78 കോടി രൂപയുടെ വരുമാനം നേടി. മുൻവർഷത്തെ 5577.82 കോടി രൂപയിൽ നിന്നും ഏഴു ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. 2026 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ അറ്റാദായം 308.33 കോടി രൂപയാണ്. മുൻ വർഷം കമ്പനിയുടെ അറ്റാദായം 313.72 കോടി രൂപയായിരുന്നു. പുതിയ ലേബർകോഡിന്റെ സ്വാധീനം കാരണം 1.7 ശതമാനം ഇടിവാണ് ഈ സാമ്പത്തിക വർഷം രേഖപ്പെടുത്തിയത്. ഇത് കണക്കിലെടുക്കാതെയുള്ള ലാഭത്തിൽ (Underlying PAT) 3.6 ശതമാനം വളർച്ചയുണ്ട്.

'ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ വിഭാഗങ്ങളുടെ വളർച്ചയിലൂന്നി വ്യവസായത്തിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കാനായി. പശ്ചിമേഷ്യൻ യുദ്ധം പ്രവർത്തനങ്ങളിൽ അനിശ്ചിതത്വം സൃഷ്ടിക്കുകയും ചരക്കുകൾക്ക് വിലക്കയറ്റമുണ്ടാക്കാനും കാരണമായത് വ്യവസായ മേഖലയിൽ വലിയ വെല്ലുവിളിയാണ് സൃഷ്ടിച്ചത്. എന്നാൽ ഈ വെല്ലുവിളികളെയെല്ലാം മറികടക്കാൻ വി-ഗാർഡിന് സാധിച്ചു. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെ ഞങ്ങൾ അടുത്ത് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ആവശ്യമായ നടപടികൾ യോജിച്ച സമയത്ത് സ്വീകരിക്കുകയും ചെയ്യും. അനുകൂലമായ വേനൽക്കാലത്തിനുള്ള സൂചനകൾ ഉള്ളതിനാൽ, FY27ന് ശക്തമായ തുടക്കം ലഭിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്." വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.

# ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിംഗ് അവാർഡ് 2026ലെ മികച്ച 10 ഫൈനലിസ്റ്റുകളെ പ്രഖ്യാപിച്ചു

**കൊച്ചി:** അന്താരാഷ്ട്ര നഴ്സസ് ദിനത്തോടനുബന്ധിച്ച്, 214 രാജ്യങ്ങളിലെ 134,000 രജിസ്ട്രേഷനുകളിൽ നിന്ന് തിരഞ്ഞെടുത്ത ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിംഗ് അവാർഡ് 2026ന്റെ അഞ്ചാം പതിപ്പിനുള്ള മികച്ച 10 ഫൈനലിസ്റ്റുകളെ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ പ്രഖ്യാപിച്ചു. മുൻ പതിപ്പിനേക്കാൾ ഗണ്യമായ വർദ്ധനയാണ് രജിസ്ട്രേഷനിൽ ഇത്തവണ രേഖപ്പെടുത്തിയത്.

പുരസ്കാരത്തിന്റെ ആഗോള സ്വീകാര്യതയും വളർച്ചയും ആഗോള പങ്കാളിത്തവും പ്രതിഫലിപ്പിക്കുന്നതാണ് ഇത്. യോഗ്യതാ പരിശോധന, വിദഗ്ധരുടെ സ്വതന്ത്ര പാനലിന്റെ വിലയിരുത്തൽ, ഗ്രാൻഡ് ജൂറിയുടെ അന്തിമ അവലോകനം എന്നിവ ഉൾപ്പെടുന്ന കർശനമായ ഘട്ടങ്ങളിലുള്ള മൂല്യനിർണ്ണയ പ്രക്രിയയിലൂടെയാണ് ഫൈനലിസ്റ്റുകളെ തിരഞ്ഞെടുത്തത്. അവാർഡിന്റെ സ്വതന്ത്ര 'പ്രോസസ് അഡ്വൈസർമാർ' ഏൺസ്റ്റ് & യംഗ് എൽഎൽപിയാണ്. മികച്ച 10 ഫൈനലിസ്റ്റുകളിൽ ഒരാൾക്ക് ഗ്രാൻഡ് ടൈറ്റിലും 250,000 യുഎസ് ഡോളർ സമ്മാനവും നൽകും, ബാക്കിയുള്ള ഫൈനലിസ്റ്റുകൾക്ക് ആരോഗ്യ സംരക്ഷണത്തിന് നൽകിയ മികച്ച സംഭാവനകൾക്ക് ആഗോള അംഗീകാരവും മറ്റ് സമ്മാനങ്ങളും ലഭിക്കും.

2026 ജൂലൈയിൽ ഇന്ത്യയിൽ നടക്കുന്ന ചടങ്ങിലായിരിക്കും അന്തിമ വിജയിയെ പ്രഖ്യാപിക്കുക. ഫൈനലിസ്റ്റുകളെക്കുറിച്ച് കൂടുതലറിയാൻ https://www.asterguardians.com/ സന്ദർശിക്കാം.

# ഇന്ത്യയിൽ 20ലധികം പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച് എച്ച്. പി



**കൊച്ചി:** വ്യക്തിഗത കംപ്യൂട്ടറുകൾ, പ്രിന്റ്, വർക്ക്ഫോഴ്സ് സൊല്യൂഷനുകൾ എന്നിവ ഉൾക്കൊള്ളുന്ന ഇരുപതിലധികം പുതിയ ഉൽപ്പന്നങ്ങളുടെയും പരിഹാരങ്ങളുടെയും വിശാലമായ ശ്രേണി എച്ച്പി ഇന്ത്യ പുറത്തിറക്കി. വിദ്യാർത്ഥികൾ, പ്രൊഫഷണലുകൾ, ചെറുകിട സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവരുടെ ആവശ്യങ്ങൾക്ക് അനുസൃതമായാണ് പുതിയ ശ്രേണി പുറത്തിറക്കിയത്.

ഇന്ത്യയിൽ ആദ്യമായി അവതരിപ്പിക്കുന്ന എച്ച്. പി ഓമ്നിപാഡ് 12 ടാബ്ലറ്റും ലോകത്തിലെ ആദ്യ എഐ കീബോർഡ് പി.സി ആയ എച്ച്. പി എലീറ്റ് ബോർഡ് ജി 1എ നെക്സ്റ്റ് ജെൻ എ ഐ പി സി -യും പ്രഖ്യാപനത്തിലെ പ്രധാന ആകർഷണങ്ങളാണ്. എച്ച്. പി എലീറ്റ്ബുക്ക് എക്സ് ജി2, എലീറ്റ്ബുക്ക് 8 ജി2, പ്രോബുക് 4 ജി2, ഓമ്നിബുക്ക് അൾട്രാ 14, ഓമ്നിബുക്ക് എക്സ് 14, ഓമ്നിബുക്ക് 5, ഓമ്നിബുക്ക് 3 തുടങ്ങിയ പുതിയ എഐ പി.സി മോഡലുകളും കമ്പനി അവതരിപ്പിച്ചു.

എച്ച്. പി ഐ ക്യു, എച്ച്. പി നിയർസെൻസ് , എ ഐ ഒപ്ടിമൈസ് പ്രിന്റ് ഫോർമാറ്റിങ് തുടങ്ങിയ എഐ സവിശേഷതകൾ, ഡോക്യുമെന്റ് അനാലിസിസ്, മീറ്റിംഗ് നോട്ടുകൾ, വേഗത്തിലുള്ള കണക്റ്റിവിറ്റി, മെച്ചപ്പെട്ട പ്രിന്റിംഗ് അനുഭവം എന്നിവ ലഭ്യമാക്കുമെന്ന് കമ്പനി അറിയിച്ചു.

ജൂൺ 2026 മുതൽ എച്ച്. പി ഓമ്നിപാഡ് 48,999 രൂപ മുതൽ ലഭ്യമാകും. എച്ച്. പി എലീറ്റ് ബോർഡ് ജി 1എ -യുടെ ആരംഭ വില 1,35,714 രൂപയാണ്. ഓമ്നിബുക്ക് അൾട്രാ 14-ന്റെ വില 1.89,999 രൂപ മുതൽ ആരംഭിക്കും. എച്ച്. പി വേൾഡ്, എച്ച്. പി ഓൺലൈൻ സ്റ്റോർ, ആമസോൺ, റിലയൻസ്, തെരെഞ്ഞെടുക്കപ്പെട്ട എച്ച്. പി കൊമേർഷ്യൽ റീസെല്ലർമാർ മുഖേന ലഭ്യമാകും.

# യുണിസെക്സ് സുഗന്ധലേപനമായ 'അമാൽഫി റിവിയേര' പുറത്തിറക്കി




**കൊച്ചി:** ടൈറ്റന്റെ പെർഫ്യൂം ബ്രാൻഡായ സ്കിൻ പുതിയ യുണിസെക്സ് സുഗന്ധലേപനമായ 'അമാൽഫി റിവിയേര' പുറത്തിറക്കി. യുണിസെക്സ്, ജെൻഡർ-ന്യൂട്രൽ പെർഫ്യൂമുകളുടെ ലോകത്തേക്കുള്ള ബ്രാൻഡിന്റെ ആദ്യ ചുവടുവെപ്പാണ് അമാൽഫി റിവിയേര. സൂര്യപ്രകാശം നിറഞ്ഞ കടൽത്തീരങ്ങൾ, ഉന്മേഷദായകമായ കടൽക്കാറ്റ്, സമുദ്രത്തിലെ തിരമാലകളുടെ ശാന്തമായ താളം എന്നിവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് അമാൽഫി റിവിയേര നിർമ്മിച്ചിരിക്കുന്നത്.

സവിശേഷവും ആകർഷകവുമായ പെർഫ്യൂമുകൾ സൃഷ്ടിക്കുന്നതിൽ പ്രശസ്തനായ പെർഫ്യൂമർ സന്തോഷ് ഷിൻഡെയാണ് ഈ പെർഫ്യൂം തയ്യാറാക്കിയിരിക്കുന്നത്. പുതുമയുള്ളതും യുണിസെക്സ് സ്വഭാവമുള്ളതുമായ പെർഫ്യൂമുകളോടുള്ള ഉപഭോക്താക്കളുടെ താൽപ്പര്യത്തിന് അനുസരിച്ചുള്ള ഉത്പന്നമാണ് അമാൽഫി റിവിയേരയെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് ഫ്രാഗ്രൻസ് ആൻറ് ആക്സസറീസ് ഡിവിഷൻ സിഇഒ മനീഷ് ഗുപ്ത പറഞ്ഞു. കൂടുതൽ ആധുനികമായ സിട്രസ്-മറൈൻ സുഗന്ധമാണ് ഇതിലുള്ളത്. ഉന്മേഷദായകവും എല്ലാവർക്കും അനുയോജ്യവും അനന്തസാധ്യതകൾ നിറഞ്ഞതുമായ ഒരു ആധുനിക വേനൽക്കാലത്തെക്കുറിച്ചുള്ള ഞങ്ങളുടെ സങ്കൽപ്പമാണ് അമാൽഫി റിവിയേര എന്നും അദ്ദേഹം പറഞ്ഞു.

ഡെർമറ്റോളജിക്കൽ പരിശോധനകൾക്ക് വിധേയമാക്കിയ ഈ പെർഫ്യൂം, ഇഫ്ര മാനദണ്ഡങ്ങളും യൂറോപ്യൻ യൂണിയൻ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നതാണ്. 90 മില്ലിക്ക് 3,095 രൂപയാണ് വില. ബ്രാൻഡിന്റെ വെബ്സൈറ്റ്, ഇന്ത്യയിലുടനീളമുള്ള സ്കിൻ കിയോസ്കുകൾ, ടൈറ്റൻ വേൾഡ് സ്റ്റോറുകൾ, ഷോപ്പേഴ്സ് സ്റ്റോപ്പ്, ലൈഫ്സ്റ്റൈൽ സ്റ്റോറുകൾ, പ്രമുഖ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

# അഡാസുമായി കോഡിയാഖ് വിപണിയിൽ



**കൊച്ചി:** സ്കോഡ രണ്ടാം തലമുറ കോഡിയാഖ് പുത്തൻ ഫീച്ചറുകൾ ഉൾപ്പെടുത്തി വിപണിയിലെത്തിച്ചു.

സ്കോഡയുടെ അഡ്വാൻസ്ഡ് ഡ്രൈവർ അസിസ്റ്റൻസ് സിസ്റ്റം (അഡാസ്) കോഡിയാഖിന്റെ സ്പോർട്ട്ലൈൻ, സെലക്ഷൻ എൽ ആൻഡ് കെ എന്നീ വേരിയന്റുകളിൽ ഉൾപ്പെടുത്തി. സ്പോർട്ട്ലൈനിന്റെ എക്സ്ഷോറൂം വില 44.99 ലക്ഷം രൂപയും സെലക്ഷൻ എൽ ആൻഡ് കെയുടേത് 46.99 ലക്ഷം രൂപയും ആണ്.

കോഡിയാഖിന്റെ മറ്റൊരു വേരിയന്റായ ലോഞ്ചും മുഖം മിനുക്കിയിട്ടുണ്ട്. വില 36.99 ലക്ഷം രൂപ.

# നിറങ്ങളുടെ വാറന്റിയുമായി ഏഷ്യൻ പെയിന്റ്സ്




**കൊച്ചി:** 'നിറമാണ് ശരിക്കുള്ള വിലാസം' എന്ന ആശയത്തെ അടിസ്ഥാനമാക്കി, ഏഷ്യൻ പെയിന്റ്സ് 'നിറങ്ങളുടെ വാറന്റി' എന്ന പുതിയ ക്യാംപെയ്ൻ അവതരിപ്പിക്കുന്നു. ഈ ക്യാംപെയ്ൻ വാറന്റി എന്ന വാക്കിന് ഏഷ്യൻ പെയിന്റ്സ് നൽകുന്ന അർത്ഥമെന്താണ് കാണിച്ചു തരുന്നു. ഇത് ദീർഘകാല പെയിന്റിനെക്കുറിച്ച് മാത്രമല്ല, ചുവരുകൾക്ക് ചുറ്റും നിർമ്മിച്ച ഓർമ്മകളും പരിചയവും സംരക്ഷിക്കുമെന്ന വാഗ്ദാനം കൂടിയാണെന്ന് ഏഷ്യൻ പെയിന്റ്സിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അമിത് സിന്ഗലെ പറഞ്ഞു.

ലളിതവും താരതമ്യപ്പെടുത്താവുന്നതുമായ നിമിഷങ്ങളിലൂടെ ജീവിതം മാറുമ്പോഴും ഈ നിറങ്ങൾ അതേപടി നിലനിൽക്കുന്നുവെന്നും, പെയിന്റ് ചെയ്യുന്നതിനേക്കാൾ കൂടുതൽ ആളുകൾ തിരിച്ചറിയുന്ന പരിചിതമായ ഇടങ്ങളായി എങ്ങനെ മാറുന്നുവെന്നും ഇത് എടുത്തുകാണിക്കുന്നു. ഏഷ്യൻ പെയിന്റ്സിന്റെ ദീർഘകാല നിറങ്ങൾ ചുവരുകളിൽ മാത്രമല്ല ആളുകളുടെ മനസ്സിലും തങ്ങിനിൽക്കുകയും കാലക്രമേണ വീടുകളുടെ യഥാർത്ഥ ഐഡന്റിറ്റിയായും മാറുന്നുവെന്നും ഏഷ്യൻ പെയിന്റ്സിന് വാറന്റി ഒരു ഉൽപ്പന്ന ഉറപ്പ് മാത്രമല്ല; ദീർഘകാല പ്രകടനത്തിൽ വിശ്വാസത്തിലും അചഞ്ചലമായ ആത്മവിശ്വാസത്തിലും കെട്ടിപ്പടുത്ത പ്രതിബദ്ധതയാണെന്ന് ഏഷ്യൻ പെയിന്റ്സിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അമിത് സിന്ഗലെ പറഞ്ഞു.

# ഗ്രേറ്റ് കണക്ഷൻസ് ഫെസ്റ്റുമായി ഇൻഡിഗോ; നിരക്കുകൾ 3999 രൂപ മുതൽ

**കൊച്ചി:** ഇൻഡിഗോ തങ്ങളുടെ ആഭ്യന്തര, അന്താരാഷ്ട്ര സർവീസുകളിലുടനീളം കണക്ഷൻ ഫ്ളൈറ്റുകൾക്ക് ആകർഷണീയമായ നിരക്കുകൾ വാഗ്ദാനം ചെയ്യുന്ന ഗ്രേറ്റ് കണക്ഷൻസ് ഫെസ്റ്റ് ആരംഭിച്ചു.

2026 മെയ് 22 മുതൽ 2026 സെപ്തംബർ 30 വരെ യാത്രകൾ നടത്തുന്നതിനായി 2026 മെയ് 12 മുതൽ മെയ് 15 വരെ ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്കാണ് ഇത് ബാധകം. ഫെസ്റ്റിന്റെ ഭാഗമായി യാത്രക്കാർക്ക് ആഭ്യന്തര വിമാനങ്ങളിൽ 3,999 രൂപ മുതലും അന്താരാഷ്ട്ര മേഖലയിൽ 9,999 മുതലും വൺവേ ടിക്കറ്റുകൾ ലഭിക്കും.

കൂടാതെ, തിരഞ്ഞെടുക്കപ്പെട്ട ആഡ്-ഓൺ സേവനങ്ങൾക്ക് സ്പെഷ്യൽ നിരക്കുകളും ഇൻഡിഗോ വാഗ്ദാനം ചെയ്യുന്നു. തിരഞ്ഞെടുക്കപ്പെട്ട ആഭ്യന്തര, അന്താരാഷ്ട്ര സെക്ടറുകളിൽ ഫാസ്റ്റ് ഫോർവേഡ് 250 രൂപ മുതലും എമർജൻസി എക്സ്എൽ സീറ്റുകൾ 500 മുതലും ലഭിക്കും.

